US – 180

**IV Semester B.A./B.Sc./B.C.A./B.Sc. (FAD) Examination, May 2017**
**(CBCS) (F + R) (2015-16 and Onwards)**
**MALAYALAM LANGUAGE (Paper – IV)**

Time : 3 Hours Max. Marks : 70

I. ഏതെങ്കിലും **നാലെണ്ണം** എഴുതുക. **(4×3=12)**

1) 'ചരിതാർത്ഥനായ് ധ്യാനനിരതനായ് വാഴ്കയാ –
മിരുപതു നൂറ്റാണ്ടായ് മുനിയിവിടെ'

2) 'ആളില്ലാപ്പാടത്തിലങ്ങുമിങ്ങും
അവനെ വിളിച്ചു നടന്നാളമ്മ'

3) 'പിറവിതൊട്ടെൻ കൂട്ടുകാരിയാമ –
മ്മധുരിമ തൂകിടും ഗ്രാമലക്ഷ്മി'

4) 'കാണാം,മറിയുമേ കണ്ടാൽ; മറക്കാത്ത
താണക്കറുത്ത മുഖങ്ങളൊരിക്കലും'

5) 'പൂട്ടിമറിച്ചിട്ട മണ്ണടരിൽ
പുതിയ നെടുവീർപ്പുയർന്നു പോയീ'

6) 'കരയുന്നുമുണ്ടാവാം പൊരിയുന്നുമുണ്ടാവാം
ദുരിതമേ നാലഞ്ചു മക്കളിപ്പോൾ'

II. ഏതെങ്കിലും **രണ്ടെണ്ണം** എഴുതുക (**ഒന്നരപുറത്തിൽ**). **(2×6=12)**

1) പൂതത്തിന്റെ വരവിനെ കവി എങ്ങനെ വർണ്ണിക്കുന്നു ?

2) കറുത്തച്ചെട്ടിച്ചികളുടെ വരവിനെ പ്രതീക്ഷിച്ചിരിക്കുന്ന പ്രകൃതിയെ വർണ്ണിക്കുക.

3) 'അകലെയ്ക്കകലെയ്ക്കകലുകയാം
അവസാനയാത്ര പറയുകയാം' – എന്തിനെക്കുറിച്ചാണ് ഇവിടെ വിവരിക്കുന്നത് ?

P.T.O.

III. ഏതെങ്കിലും **രണ്ടെണ്ണം** എഴുതുക **(ഒന്നര** പുറത്തിൽ). **(2×6=12)**

1) ദേവിയുടെ ജീവിതം.

2) കുഞ്ഞിക്കുട്ടൻ എന്ന കഥാപാത്രത്തിന്റെ പങ്ക്.

3) ജരന്മാരുടെ നഗരമാണ് 'പാണ്ഡവപുരം' – വിവരിക്കുക.

IV. ഏതെങ്കിലും **ഒന്നിന്** ഉത്തരമെഴുതുക **(ഒന്നര** പുറത്തിൽ). **(1×14=14)**

1) ഗ്രാമീണമനസ്സാക്ഷിയുടെ അടിസ്ഥാനമായി കരുതാവുന്ന മിത്തുകളെ ഉയിർത്തെഴുന്നേൽപ്പിച്ച് അനുവാചകഹൃദയത്തെ ഉദ്ബുദ്ധമാക്കുന്ന ഒരു കവിതയാണ് 'പൂതപ്പാട്ട്' – വ്യക്തമാക്കുക.

2) 'ബുദ്ധനും ഞാനും നരിയും' – എന്ന കവിതയ്ക്ക് ഒരാസ്വാദനമെഴുതുക.

V. ഏതെങ്കിലും **ഒന്നിന്** ഉത്തരമെഴുതുക **(ഒന്നര** പുറത്തിൽ). **(1×14=14)**

1) ദേവിയുടെ ബഹുഭർത്തൃത്വ മോഹത്തെ അവളുടെ ഏകഭർത്തൃത്വത്തോടുള്ള പ്രതിഷേധവുമായി ബന്ധിപ്പിക്കുന്നതിൽ സേതു വിജയിച്ചിരിക്കുന്നു – വ്യക്തമാക്കുക.

2) ഭൂതകാലത്തിന്റെയും വർത്തമാനത്തിന്റെയും ഇടയിലുള്ള അതിരുകൾ അലിയിച്ച് ഒടുവിൽ സമാനമായി തോന്നിക്കുന്ന ഒരു കല്പിത സ്ഥലമാണ് 'പാണ്ഡവപുരം' – വിവരിക്കുക.

VI. സ്ത്രീപീഡനത്തിനെതിരായ് നടപടികൾ എടുക്കാൻ ആവശ്യപ്പെട്ടുകൊണ്ട്, വനിതാ കമ്മീഷന് ഒരു നിവേദനം സമർപ്പിക്കുക. **3**

VII. പരാവർത്തനം ചെയ്യുക. **(1×3=3)**

ഞാനാഴിയിൽച്ചാടിയുമി –
ള്ളീയാൾ കേറ്റിയുമില്ല മാം,
മുട്ടോളമിസ്സമുദ്രത്തി –
ലാണ്ടോരർഹിപ്പതെങ്കിലോ,

എഴുതട്ടേ നിൻപിതാവു
രണ്ടു സമ്മാനമേകുവാൻ
ധീരകർമ്മാവിമ്മഹാനെ –
യാരാധിക്കാം നിനക്കെടോ

ഈയാൾക്കു പക്ഷേയറിയി –
ല്ലൊറ്റമാറൊന്നു നീന്തുവാൻ
''അതേയോ ?'' സംഭ്രമപ്പെട്ടു
കേണാളക്കളഭാഷിണി

''ആണുങ്ങൾ നിങ്ങൾ വഞ്ചിപ്പൂ
കള്ളമോരാത്ത ഞങ്ങളെ!''
പാവമപ്പൂങ്കവിൾത്തട്ടി –
ലെത്ര കൂരിരുൾ വീണുപോയ് !

സാവധാനം തുടച്ചാൾ മൈ –
ക്കൺകോൺ കൈലേസിനാലവൾ
ഓമനേ മതി മാൽ, ഓതി
മാധവൻ മധുരസ്വരം.